## കേരള സർക്കാർ

### സംഗ്രഹം

റവന്യൂ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ ജില്ലാ, ചേർത്തല താലൂക്ക്, അരുൺ നിവാസിൽ, ശ്രീ.അരുൺ.കെ.ബി.യ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### റവന്യൂ (ഡിആർഎഫ് - സി) വകുപ്പ്

സ.ഉ.( സാധാ)നം: 2530 / 2020 /റവ. തിരുവനന്തപുരം, തീയതി, 07-08-2020.

---

പരാമർശം:- 1. സ.ഉ.(സാധാ)നം.2789/2017/റവ തീയതി 22/06/2017.

2. ആലപ്പുഴ ജില്ലാ കളക്ടറുടെ 11/02/2020, 25/06/2020 തീയതികളിലെ DCALP/1400/2020/N1 നമ്പർ കത്തുകൾ.

### ഉത്തരവ്

വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായി ചികിത്സയിൽ കഴിയുന്ന ആലപ്പുഴ ജില്ലാ, ചേർത്തല താലൂക്ക്, അരുൺ നിവാസിൽ, ശ്രീ.അരുൺ.കെ.ബി.യ്ക്ക് ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നൽകുന്നതിനായി ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,57,316/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു.

2. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായ ശ്രീ.അരുൺ ആജീവനാന്തം മരുന്ന് കഴിക്കേണ്ട അവസ്ഥയിലാണെന്നും സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാലും ശ്രീ.അരുണിന് ഒരു വർഷത്തേക്ക് ആവശ്യമായ മരുന്നുകളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാകുന്ന മരുന്നുകളുടെ വിലയായ 58,633.60/- രൂപയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്ത Tab Biomus 1mg വാങ്ങുന്നതിന് ഒരു വർഷത്തേക്ക് ആവശ്യമായ തുകയായ 27,360/- രൂപയും ചേർത്ത് ആകെ 85,933.60/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായി ചികിത്സയിൽ കഴിയുന്ന ആലപ്പുഴ ജില്ലാ, ചേർത്തല താലൂക്ക്, അരുൺ നിവാസിൽ, ശ്രീ.അരുൺ.കെ.ബി.യ്ക്ക് ഒരു വർഷത്തേക്ക് ആവശ്യമായ മരുന്നുകളുടെ വിലയായ 85,994/- (എൺപത്തി അയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിനാല് രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. ടി തുകയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാകുന്ന മരുന്നുകളുടെ വിലയായ 58,633.60/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകേണ്ടതും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്ത Tab Biomus 1mg വാങ്ങുന്നതിന് ആവശ്യമായ 27,360/- രൂപ ശ്രീ.അരുൺ.കെ.ബി.യ്ക്ക് നൽകേണ്ടതുമാണ്.

4. പ്രസ്തുത തുകയായ 85,994/-രൂപ (എൺപത്തി അയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിനാല് രൂപ മാത്രം) "2075-00-800-40 contribution to Chief Minister's Distress Relief Fund (NP)" എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക വിതരണം ചെയ്ത്, റിപ്പോർട്ട് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എൽ,
സ്പെഷ്യൽ സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്,
തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന).
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി.

അംഗീകാരത്തോടെ,

Bindumol K.N

സെക്ഷൻ ഓഫീസർ.

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്